പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1
Ph 0471 2325323
e-mail:dirvhse.dge@kerala.gov.in

നമ്പർ:ഇ7/2647/2022 തീയതി, 04/05/2022

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - വി.എച്ച്.എസ്.ഇ- ജീവനക്കാര്യം- പൊതുസ്ഥലംമാറ്റം 2022-23 – കരട് വേക്കൻസി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 29.06.2021 തീയതിയിലെ സ.ഉ.(കൈ) നം. 152/2021/പൊ.വി.വ.
2. 24.12.2021 തീയതിയിലെ സ.ഉ.(കൈ) നം.288/2021/പൊ.വി.വ.
3 18.03.2022 തീയതിയിലെ GEDN-U1/107/2022-GEDN നമ്പർ സർക്കാർ കത്ത്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ ( വി.എച്ച്.എസ് വിഭാഗം) വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ), നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ), വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്, ക്ലാർക്ക് / സീനിയർ ക്ലാർക്ക് എന്നീ വിഭാഗം അധ്യാപകരുടേയും ജീവനക്കാരുടേയും ഒഴിവുകൾ സംബന്ധിച്ച കരട് ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒഴിവുകൾ കണക്കാക്കിയിരിക്കുന്ന വിധം

1. ഒരു ജില്ലയിൽ തുർച്ചയായി, 2022 മെയ് 31- ന് മൂന്നു വർഷമോ അധിലധികമോ ആയി തുടരുന്ന എല്ലാ ജീവനക്കാരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും.
2. 2019 -ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അനുകമ്പാർഹ സ്ഥലംമാറ്റ പ്രകാരം തുടരുന്ന എല്ലാ ജീവനക്കാരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും.
3. 2019-ലെ പൊതുസ്ഥലംമാറ്റത്തിന് ശേഷം പി.എസ്.സി നിയമനം ലഭിച്ച ജീവനക്കാരുടെ തസ്തികകൾ, സ്ഥാനക്കയറ്റം ലഭിച്ചവരുടെ തസ്തികകൾ എന്നിവ ഓപ്പൺ വേക്കൻസി ആയിരിക്കും.
4. 2019 -ലെ പൊതുസ്ഥലംമാറ്റത്തിനു ശേഷം അന്യത്രസേവനം, ശൂന്യവേതനാവധി എന്നിവയിൽ നിന്ന് തിരികെ വന്ന എല്ലാ തസ്തികകളും ഓപ്പൺ വേക്കൻസികൾ ആയിരിക്കും.
5. 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുശേഷം ക്രമികരണസ്ഥലംമാറ്റം നൽകിയ എല്ലാ തസ്തികകളും ഓപ്പൺ വേക്കൻസികൾ ആയിരിക്കും. 2019 -ലെ ക്രമീകര സ്ഥലംമാറ്റ ഉത്തരവുകൾ, 2019 ലെ പൊതുസ്ഥലംമാറ്റത്തോട് അനുബന്ധിച്ചുണ്ടായ കേസുകൾ തീർപ്പാക്കിയതിന്റെ ഉത്തരവുകൾ, പൊതുസ്ഥലംമാറ്റം സംബന്ധിച്ച പരാതികളിൻമേൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പ്രകാരമായിരിക്കും അത്തരത്തിലുള്ള ഒഴിവുകൾ കണക്കാക്കിയിരിക്കുന്നത്.
6. 2019 -ലെ പൊതുസ്ഥലം മാറ്റങ്ങളിൽ പ്രസവാവധിയുടെ ആനുകൂല്യം ലഭിച്ചവരുടെ തസ്തികകൾ ഓപ്പൺ വേക്കൻസികളായിരിക്കും.

7. അഗ്രികൾച്ചർ (F&V, PP, NMOG), ഫിഷറീസ് (FPT, FA, FCGT), (കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), (MRA,MR2W3W), (BA, GI), LSM ( DH, PH) **എന്നീ കോഴ്സുകളിലേയ്ക്കുള്ള പൊതു സ്ഥലംമാറ്റം അതത് ഗ്രൂപ്പുകളിൽ നടത്തുന്നതിനാൽ വേക്കൻസി ലിസ്റ്റിൽ തസ്തികകളിൽ വന്ന വ്യത്യാസം സംബന്ധിച്ച പരാതികൾ അയയ്ക്കേണ്ടതില്ല.**

8. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരിൽ കോഴ്സ് മാറി ക്രമീകരണ സ്ഥലംമാറ്റം ലഭിച്ചവർക്ക് Vacancy യുടെ കോളം 1 ആയിരിക്കും . Excess Staff / Conditional Staff കോളം 1 ആയി കാണിച്ചില്ലങ്കിലും അത് Vacancy ആയി കണക്കാക്കും.

9. സ്കൂളിൽ നിലവിലില്ലാത്ത ഏതെങ്കിലും തസ്തികകൾ വേക്കൻസി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് vhsetransfer2022@gmail.com എന്ന e-mail –ൽ മെയിൽ ചെയ്യേണ്ടതാണ്

10. കരട് വേക്കൻസി ലിസ്റ്റിൽ വേക്കൻസിയായി കാണിക്കാതെ ഒഴിവുകൾ മറച്ചുവച്ചതായി പിന്നീട് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട പ്രിൻസിപ്പാളിനെതിരെയും അധ്യാപകന് / ജീവനക്കാരന് എതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്.

11. കരട് വേക്കൻസി ലിസ്റ്റ് പരിശോധിച്ച് തെറ്റുകൾ ഉണ്ടെങ്കിൽ School Code, Teacher ID, Name, Designation, Remarks എന്നിവ സഹിതം പരാതി vhsetransfer2022@gmail.com എന്ന e-mail –ൽ 07/05/2022 വൈകുന്നേരം 5 മണിക്കകം അയയ്ക്കേണ്ടതാണ്.

ഒഴിവ് പരിശോധിക്കേണ്ട വിധം.

| | |
|---|---|
| Total | - അനുവദിച്ച തസ്തികകളുടെ എണ്ണം |
| Vacancy | - നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം (Open Vacancy, Replacement Vacancy, Conditional Vacancy ഉൾപ്പെടെയുള്ളത്) |
| Excess Staff | - ഒരു ജില്ലയിൽ 2022 മെയ് 31– ന് മൂന്നു വർഷമോ അധിലധികമോ ആയി തുടരുന്ന ജീവനക്കാരുടെ എണ്ണം (ടി ഒഴിവ് കൂടി Vacancy ൽ ഉൾപ്പെട്ടിരിക്കും) |
| Conditional Staff | - പുതുതായി നിയമനം ലഭിച്ചവർ, ക്രമീകരണ സ്ഥലംമാറ്റം ലഭിച്ചവർ, അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ചവർ, സ്ഥാനക്കയറ്റം ലഭിച്ചവർ എന്നിവരുടെ തസ്തികകൾ (ടി ഒഴിവ് കൂടി Vacancy ൽ ഉൾപ്പെട്ടിരിക്കും) |

സീനിയർ അഡ്മിനിട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി
2. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (കരട് വേക്കൻസി ലിസ്റ്റ് സമയബന്ധിതമായി ബന്ധപ്പെട്ട ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്.)
3. എല്ലാ ഗവൺമെന്റ് വി.എച്ച്.എസ് സ്കൂൾ പ്രിൻസിപ്പൽമാർക്കും
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

N.S. 30.4.22